**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 514** **11-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണം നടത്തുന്നതിന് പന്ത്രണ്ടാമത് ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. |
| (ബി) | പന്ത്രണ്ടാമത് ശമ്പള പരിഷ്കരണം ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ആയതിനനുസരിച്ച് ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് കീഴ്വഴക്കം. |
| (സി) | പതിനൊന്നാമത് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമാക്കേണ്ട കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | പതിനൊന്നാമത് ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡുവും രണ്ടാം ഗഡുവും ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടവാക്കുന്നത് നീട്ടിവച്ചുകൊണ്ട് സർക്കാർ യഥാക്രമം 30.03.2023 –ലെ സ.ഉ. (അ) നം. 31/2023/(34)/ധന. ഉത്തരവ്, 10.10.2023 –ലെ സ.ഉ.(കൈ) നം. 151/2023/(42)/ ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ ഇപ്പോഴും നിലവിലുണ്ട്. |
| (ഡി) | പതിനൊന്നാമത് ശമ്പള പരിഷ്കരണ കുടിശിക അനിശ്ചിതമായി വൈകുന്നതിനാൽ ആയതിന്റെ നഷ്ട പരിഹാരം ജീവനക്കാർക്കും അധ്യാപകർക്കും നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ